കേരള സർക്കാർ

<u>പതിമൂന്നാം കേരള നിയമസഭ ഒന്നാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 210

27.06.2011 ൽ ബഹു: ധനകാര്യവും,
നിയമവും, ഭവന നിർമ്മാണവും
വകുപ്പ് മന്ത്രി മറുപടി നൽകേണ്ടത്

**ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാർക്ക് ലഭിക്കുന്ന കമ്മീഷൻ വെട്ടിക്കുറയ്ക്കുന്നതിനുള്ള ശുപാർശ സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീ. ജി.എസ്. ജയലാൽ<br>ശ്രീമതി. ഗീതാ ഗോപി<br>ശ്രീ. പി. തിലോത്തമൻ | | ബഹു: ധനകാര്യവും, നിയമവും, ഭവന നിർമ്മാണവും വകുപ്പ് മന്ത്രി |
| (എ) | സംസ്ഥാനത്ത് എത്ര പേർ ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാരായി പ്രവർത്തിക്കുന്നുണ്ട്; | സംസ്ഥാനത്ത് 10930 മഹിളാ പ്രധാൻ ഏജന്റുമാർ, 5049 എസ്.എ.എസ് ഏജന്റുമാർ, 303 പി.പി.എഫ് ഏജൻറുമാർ ഉൾപ്പെടെ ആകെ 16282 ഏജന്റുമാർ പ്രവർത്തി എടുക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത ഏജന്റുമാർക്ക് ഇപ്പോൾ ലഭിക്കുന്ന കമ്മീഷൻ എത്രയാണ്; | മഹിളാ പ്രധാൻ ഏജന്റുമാർക്ക് റെക്കറിംഗ് ഡെപ്പോസിറ്റ് ക്യാൻവാസ് ചെയ്യുന്നതിന് 4% കമ്മീഷൻ പോസ്റ്റ് ഓഫീസിൽ നിന്നും ലഭിക്കുന്നു.<br><br>ഇതു കൂടാതെ സംസ്ഥാന സർക്കാർ 3.9% പ്രതിമാസ അലവൻസും, അലവൻസിന് അർഹമാകുന്ന തുകയുടെ 1.25% വാർഷിക ബോണസ്സായും നൽകുന്നു.<br><br>എസ്.എ.എസ്. ഏജന്റുമാർക്ക് 1% കമ്മീഷൻ പോസ്റ്റ് ഓഫീസിൽ നിന്നും, 1% അലവൻസും ഒരുവർഷം അലവൻസിനത്തിൽ ലഭിക്കുന്ന തുകയുടെ 10% ബോണസ്സായും സംസ്ഥാന സർക്കാർ അനുവദിക്കുന്നു.<br><br>പി.പി. എഫ് ഏജന്റുമാർക്ക് 1% കമ്മീഷൻ പോസ്റ്റ് ഓഫീസിൽ / ദേശസാൽകൃത ബാങ്കുകളിൽ നിന്നും ലഭിക്കുന്നു. സംസ്ഥാന സർക്കാർ അലവൻസോ ബോണസ്സോ പി.പി.എഫ് ഏജന്റുമാർക്ക് നൽകുന്നില്ല. |

| | | | |
|---|---|---|---|
| (സി) | ഇവർക്ക് ലഭിക്കുന്ന കമ്മീഷൻ വെട്ടിക്കുറയ്ക്കുന്നതിന് ശുപാർശ യുണ്ടായിട്ടുള്ളതായി വിവരം ലഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം കുറയ്ക്കാനാണ് ശുപാർശയുണ്ടായിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; | | ഉണ്ട്. ദേശീയ സമ്പാദ്യ പദ്ധതിയുടെ പ്രവർത്തനങ്ങൾ നവീകരിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാർ നിയമിച്ച കമ്മീഷൻ ഇവർക്കു നൽകുന്ന കമ്മീഷൻ കുറവു ചെയ്യാൻ ശുപാർശ ചെയ്തിട്ടുണ്ട്. കമ്മീഷന്റെ ശുപാർശ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. |
| (ഡി) | ഈ സാഹചര്യത്തിൽ പ്രസ്തുത ഏജന്റുമാരെ നിലനിർത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കനുദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ? | | ഏജന്റുമാരുടെ കമ്മീഷൻ കുറവു ചെയ്യുന്നതു സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാന സർക്കാരിന് അറിയിപ്പ് ഒന്നും ലഭിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**